*__പി.എഫ്.ജനറൽ(1)/51412/16/ഡി.പി.ഐ__* പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 04/06/2016

## സർക്കുലർ

വിഷയം :- ഐ.എഫ്.എം.എസ് - 'ഗെയ്ൻ പി.എഫ്' - കെ.എ.എസ്.ഇ.പി.എഫ് ലോൺ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതു - സംബന്ധിച്ച്

സൂചന :- 1) 16/03/2016 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)/39/16/ഫിൻ
2) 20/05/2016 ലെ സർക്കാരിന്റെ 103088/എസ്.എൽ.3/15/ഫിൻ നമ്പർ കത്ത്.

****

സൂചന(1) സർക്കാർ ഉത്തരവ് പ്രകാരം കെ.എ.എസ്.ഇ.പി.എഫ് അക്കൗണ്ടുകൾക്ക് 01/04/2016 മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഇതിന്റെ ഭാഗമായി 'ഗെയ്ൻ പി.എഫ്' വഴി ജനറേറ്റ് ചെയ്യുന്ന കെ.എ.എസ്.ഇ.പി.എഫ് ലോൺ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ അതിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട ഡോക്യുമെന്റുകളെ സംബന്ധിച്ച് സൂചന(2) പ്രകാരം സർക്കാർ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അവ താഴെ പറയും പ്രകാരമാണ്.

1) 'ഗെയ്ൻ പി.എഫ്' -ൽ നിന്നും എടുത്ത അപേക്ഷ, അപേക്ഷകന്റെ ഒപ്പോടു കൂടിയത്.
2) 'ഗെയ്ൻ പി.എഫ്' -ൽ ജനറേറ്റ് ചെയ്ത എ,ബി,സി,ഡി സ്റ്റേറ്റ്മെന്റ്, അതാത് ഡി.ഡി.ഒ മാർ അറ്റസ്റ്റ് ചെയ്തത്.
3) 'ഗെയ്ൻ പി.എഫ്' -ൽ നിന്നും എടുത്ത സാങ്ഷൻ ഓർഡർ, അതാത് ഡി.ഡി.ഒ മാർ അറ്റസ്റ്റ് ചെയ്തത്.
4) 'ഗെയ്ൻ പി.എഫ്' -ൽ നിന്നും എടുത്ത ആതറൈസേഷൻ ലെറ്റർ, അതാത് ഡി.ഡി.ഒ മാർ അറ്റസ്റ്റ് ചെയ്തത്.
5) 2014-15 ലെ ക്രെഡിറ്റ് കാർഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷയാണെങ്കിൽ

   എ) 2014-15 ലെ ക്രെഡിറ്റ് കാർഡിന്റെ പകർപ്പ്

   ബി) അതാത് സ്ഥാപനങ്ങളിൽ എഴുതി തയ്യാറാക്കിയ 2015-16 ലെ എ,ബി,സി,ഡി സ്റ്റേറ്റ്മെന്റ്, അതാത് എ.പി.എഫ്.ഒ യുടെ ഒപ്പോടു കൂടിയത്.

6) 2015-16 ലെ ക്രെഡിറ്റ് കാർഡിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലോണപേക്ഷയാണെങ്കിൽ 2015-16 ലെ ക്രെഡിറ്റ് കാർഡിന്റെ പകർപ്പ്.

എന്നാൽ സാങ്ഷൻ ഓർഡറിന്റെ പകർപ്പ് ട്രഷറി ഓഫീസർക്ക് ലഭിക്കുന്നില്ല, തുടങ്ങി പല കാരണങ്ങളാൽ മിക്ക ട്രഷറികളും 'ഗെയ്ൻ പി.എഫ്' ലോൺ ബില്ലുകൾ മടക്കുന്നതായി എ.പി.എഫ്.ഒ മാർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഈ വിവരം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. തുടർന്ന് ഇതു സംബന്ധിച്ച് ട്രഷറി, എൻ.ഐ.സി., സ്പാർക്ക്, ഡിപ്പാർട്ട്മെന്റ് തല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി 02/06/2016-ൽ അദ്ദേഹത്തിന്റെ ചേമ്പറിൽ വെച്ച് വിശദമായ ഒരു ചർച്ച നടത്തുകയും താഴെപ്പറയുന്ന ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിക്കുകയും ചെയ്തു.

1) സൂചന (2) കത്തിലെ 5 (ബി) യിൽ പറഞ്ഞിരിക്കുന്ന എ,ബി,സി,ഡി സ്റ്റേറ്റ്മെന്റ് എ.പി.എഫ്.ഒ യ്ക്ക് പകരം അതാത് ഡി.ഡി.ഒ ഒപ്പിട്ടാൽ മതിയെന്ന് തീരുമാനിച്ചു.

2) 'ഗെയ്ൻ പി.എഫ്' - ൽ ജനറേറ്റ് ചെയ്യുന്ന സാങ്ഷൻ ഓർഡറിന്റെ ട്രഷറി കോപ്പി ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ 'ഗെയ്ൻ പി.എഫ്' സൈറ്റിൽ നിലവിലില്ല. അതിനാൽ അതാത് സാങ്ഷനിംഗ് അതോറിറ്റി സാങ്ഷൻ ഓർഡറിന്റെ ഒരു പ്രിന്റ് 'ഗെയ്ൻ പി.എഫ്' ൽ നിന്നും എടുത്ത് ഒപ്പിട്ട് അതാത് ട്രഷറി ഓഫീസർക്ക് തപാലിൽ അയച്ചു കൊടുക്കേണ്ടതാണ്. ഇത് ട്രഷറി ഓഫീസർക്ക് ലഭിച്ചാൽ മാത്രമേ ലോൺ ബില്ലുകൾ പാസ്സാക്കുകയുള്ളൂ.

കെ.എ.എസ്.ഇ.പി.എഫ്-ൽ 01/04/2016 മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ലോൺ അപേക്ഷകൾ ഇനി ഓൺലൈനായി മാത്രമേ സമർപ്പിക്കാവൂ. ചില ഡി.ഇ.ഒ/എ.ഇ.ഒ മാർ അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ സെറ്റ് ചെയ്തിട്ടില്ല എന്ന കാരണത്താൽ പല കെ.എ.എസ്.ഇ.പി.എഫ് വരിക്കാർക്കും ലോണപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ സാധിക്കുന്നില്ല എന്നു കാണിച്ച് നിരവധി പരാതികൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാരും അവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ സെറ്റ് ചെയ്തുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ കാണുന്നുണ്ടെങ്കിൽ ആ വിവരം ഇ-മെയിൽ ആയി അയച്ചു തരേണ്ടതാണ്. **ഇ-മെയിൽ വിലാസം** - vcrkottaram@gmail.com / dpi.pfgeneral@gmail.com

ഇൻസ്റ്റിറ്റ്യൂഷൻ സെറ്റ് ചെയ്യാത്ത കാരണത്താൽ ഇനിയും ലോണപേക്ഷകൾ സമർപ്പിക്കാൻ സാധിക്കാതെ വന്നാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ ഓഫീസർക്കായിരിക്കും. അതിനാൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും അവരവരുടെ അധികാര പരിധിയിലുള്ള സ്കൂളുകൾ സെറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും ഈ വർക്ക് കൃത്യമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അതാത് എ.പി.എഫ്.ഒ മാർ മോണിറ്റർ ചെയ്യേണ്ടതും ആണ്. 'ഗെയ്ൻ പി.എഫ്' സൈറ്റിൽ എന്തെങ്കിലും

സാങ്കേതിക തടസ്സങ്ങൾ കാണുന്നുണ്ടെങ്കിൽ ആ വിവരം 'ഗെയ്ൻ പി.എഫ്' ന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായ ശ്രീ. വിനോയ് ചന്ദ്രന് ഇ-മെയിൽ ആയി അയച്ചു കൊടുത്ത് പ്രശ്നം പരിഹരിക്കേണ്ടതാണ്. **ഇ-മെയിൽ വിലാസം** - vcrkottaram@gmail.com

2016 അക്കാഡമിക് വർഷത്തിൽ വിരമിച്ച എയ്ഡഡ് സ്കൂൾ സ്റ്റാഫുകളുടെ ക്ലോഷർ അപേക്ഷ മാന്വലായി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഒരു മാസത്തേയ്ക്ക് കൂടി നീട്ടാൻ തീരുമാനിച്ചിട്ടുണ്ട്. അതായത് 30/06/2016 ന് മുമ്പായി തന്നെ എല്ലാ ക്ലോഷർ ബില്ലുകളും മാറുന്നതിനുള്ള നടപടി അതാത് എ.പി.എഫ്.ഒ മാർ അടിയന്തിരമായി ചെയ്തു തീർത്തിരിയ്ക്കണം.

*അക്കൗണ്ട്സ് ഓഫീസർ (പി.എഫ്)*

**സ്വീകർത്താവ്:-**

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ എ.പി.എഫ്.ഒ മാർക്കും
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) സീനിയർ ഫിനാൻസ് ഓഫീസറുടെ സി.എ
6) ഓഫീസ് കോപ്പി / പകർപ്പ്